"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17 - ഏറ്റുമാന്നൂർ നിയോജകമണ്ഡലം - തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്- മലരിക്കൽ-കുറ്റായിച്ചിറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് - ആർപ്പൂക്കര പഞ്ചായത്തിലെ ചുരക്കാവ് മുട്ടിനാൽ റോഡും കണ്ണങ്കരി മുട്ടിനാൽ റോഡും ബന്ധിപ്പിച്ച് കരിപ്പ തോടിന് കുറുകെ മുട്ടിനാൽ പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്**

**സ.ഉ.(സാധാ) നം.385/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 31.03 .2017-ലെ സ. ഉ. (സാധാ) നം.1007/2017/തസ്വഭവ.

2 20.03.2020 ലെ സ.ഉ.സാധാ നം.2389/2020/ധന.

3 ബഹു എം.എൽ.എ ശ്രീ സുരേഷ് കുറുപ്പ് അവർകൾ 27.05.2020 ൽ കോട്ടയം തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറിന് നൽകിയ കത്ത്.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.10. 2020 ലെ ഡിബി6/238/2017 നമ്പർ കത്ത്.

**ഉത്തരവ്**

ഏറ്റുമാന്നൂർ എം.എൽ.എ ശ്രീ.സുരേഷ് കുറുപ്പ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ "Malarikkal-Kuttayichira road construction in ward 13" എന്ന പ്രവൃത്തിക്ക് പരാമർശം 1 ഉത്തരവിലെ ക്രമ നമ്പർ 6 പ്രകാരം 23,58,541/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ബഹു.എം.എൽ.എ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി റദ്ദ് ചെയ്ത് ടി തുക വിനിയോഗിച്ച് ആർപ്പൂക്കര പഞ്ചായത്തിലെ 'ചുരക്കാവ്-മുട്ടിനാൽ റോഡും കണ്ണങ്കരി മുട്ടിനാൽറോഡും ബന്ധിപ്പിച്ച് കരിപ്പ തോടിനു കുറുകെ മുട്ടിനാൽ പാലം നിർമ്മാണം' എന്ന പ്രവൃത്തിക്ക് വിനിയോഗിക്കുന്നതിന് ധനകാര്യവകുപ്പ് പരാമർശം 2 പ്രകാരം പ്രത്യേകാനുമതി നൽകിയിരുന്നു.

ബഹു എം.എൽ.എ യുടെ പരാമർശം 3 ലെ നിർദേശ പ്രകാരം ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് മേൽ പ്രവൃത്തിയുടെ 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പരാമർശം 1 ഉത്തരവിലെ ഏറ്റുമാനൂർ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ മലരിക്കൽ-കുറ്റായിച്ചിറ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്തും ഏറ്റുമാനൂർ എം.എൽ.എ ശ്രീ. സുരേഷ് കുറുപ്പ് അവർകളുടെ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ 20,00,000/- (ഇരുപത് ലക്ഷം രൂപ ) വിനിയോഗിച്ച് ആർപ്പൂക്കര പഞ്ചായത്തിലെ ചുരക്കാവ് - മുട്ടിനാൽ റോഡും കണ്ണങ്കരി മുട്ടിനാൽ റോഡും ബന്ധിപ്പിച്ച് കരിപ്പ തോടിന് കുറുകെ മുട്ടിനാൽ പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയും ഉത്തരവാകുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

ശ്രീ സുരേഷ് കുറുപ്പ് എം.എൽ.എ (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) എൽ ബി എ & എ തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ ബി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.02.12 12:01:06 IST
Reason: Approved
സെക്ഷൻ ഓഫീസർ